**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1617** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളിലാണ് കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ തൂണേരി, ചോറോട്, കായക്കൊടി, വേളം, കാവിലുംപാറ, മണിയൂർ, തിരുവള്ളൂർ, ഓമശ്ശേരി, ചെറുവണ്ണൂർ, രാമനാട്ടുകര, തൊട്ടിൽപ്പാലം, ചേമഞ്ചേരി, പയ്യോളി, കട്ടിപ്പാറ എന്നീ 14 കൃഷി ഭവനുകളിലാണ് കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിവുള്ളത്. കൊടുവള്ളി, തിക്കോടി, നൊച്ചാട് കൃഷി ഓഫീസർമാർ മാതൃത്വ അവധിയിലായതിനാൽ പ്രസ്തുത കൃഷി ഓഫീസർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. |
| (ബി) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പി. എസ്. സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ടി തസ്തികകളുടെ താല്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളിലാണ് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലനിൽക്കുന്നത്; വിശദമാക്കാമോ; | (സി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റു മാരുടെ ഒഴിവുകൾ താഴെ പറയുംപ്രകാരമാണ്. കൊയിലാണ്ടി - 2 ചേമഞ്ചേരി - 3 ചെങ്ങോട്ടുകാവ് - 3 മൂടാടി - 1 തിക്കോടി - 1 ആകെ - 10 |
| (ഡി) | കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്താത്തത് കൃഷി ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | കൃഷി അസിസ്റ്റന്റ് തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ പി എസ് സി) - നിൽ നിന്നും അഡ്വൈസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ കൃഷി അസിസ്റ്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത OA No. 107/2021-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31.08.2021 -ലെ |

| | | | |
|---|---|---|---|
| | | | ഉത്തരവിനെതിരെ ഒരുകൂട്ടം ഉദ്യോഗാർ ത്ഥികൾ സമർപ്പിച്ച OP (KAT) No. 258/2021 -ന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 23.09.2021 - ലെ ഇടക്കാല ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റ് തസ്തികയിലേ യ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശയും നിയമനവും നടത്തുന്നത് ടി കേസിന്റെ അന്തിമവിധിയ്ക്ക് വിധേയമായിട്ടായിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ